## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 22..05..2017 -ൽ |
| ചോദ്യം നം: 553 | മറുപടിയ്ക്ക് |

### സാങ്കേതിക സർവ്വകലാശാലകളുടെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടി

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിവിധ സാങ്കേതിക സർവ്വകലാശാലകളുടെ സിലബസ്, പാഠ്യപദ്ധതി എന്നിവ കാലാനുസൃതമായി പരിഷ്കരിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേരളത്തിൽ ഇപ്പോൾ നിലവിലുള്ള എ. പി. ജെ. അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാല കോളേജുകളെ അഫിലിയേറ്റ് ചെയ്ത് അദ്ധ്യയനം തുടങ്ങിയത് 2015-2016 മുതൽക്കാണ്. സാങ്കേതിക മേഖലയിൽ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് മൂന്ന് വർഷം കൂടുമ്പോൾ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി 2018 അഡ്മിഷൻ മുതൽക്ക് സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടി സർവ്വകലാശാല കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സർവ്വകലാശാലകളുടെ സിലബസ്, പാഠ്യപദ്ധതി, ഇന്റേൺഷിപ്പ് രീതികൾ എന്നിവ ലോകത്തിലെ മികച്ച സർവ്വകലാശാലകളുമായി തുലനം ചെയ്യാനാവുന്ന രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ? | (ബി) | എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല 2015 -ൽ പാഠ്യ പദ്ധതി, സിലബസ് എന്നിവ തയ്യാറാക്കുന്ന വേളയിൽ ഇന്ത്യയിലും ലോകത്തിലും മറ്റു സാങ്കേതിക സർവ്വകലാശാലകളിലെ പാഠ്യ പദ്ധതിയും സിലബസും പരിശോധിക്കുകയും പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുകയും, അതനുസരിച്ച് പാഠ്യപദ്ധതി ക്രമീകരിക്കുകയും അതു പ്രകാരം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് വ്യവസായ സ്ഥാപനങ്ങളിലും ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിലും അവസരം ഉണ്ടാക്കിയിട്ടുണ്ട്. 2016 മേയ്, ജൂൺ മാസങ്ങളിൽ ഇന്റേൺഷിപ്പ് 50 ശതമാനം ഒന്നാം വർഷ വിദ്യാർത്ഥികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വർഷവും ഇന്റേൺഷിപ്പിനായുള്ള പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാല സ്വയം സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി പാഠ്യ പദ്ധതിയിൽ വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

അക്രഡിറ്റേഷൻ, റാങ്കിംങ് (എൻ.ഐ.ആർ.എഫ്) എന്നിവയിൽ നമ്മുടെ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനായി അക്കാദമിക് ഓഡിറ്റിംഗ് എല്ലാ സെമസ്റ്ററിലും എല്ലാ കോളേജുകളിലും നടത്തിവരുന്നു. പുതിയ പാഠ്യ വിഷയങ്ങളിൽ നൈപുണ്യം കൈവരിക്കുന്നതിനായി അദ്ധ്യാപകർക്ക് സർവ്വകലാശാല പരിശീലനം നൽകിവരുന്നു.

Raef
*സെക്ഷൻ ഓഫീസർ*